## കേരളാ ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ്

### ഹാജർ: പി. പ്രമോദ്

വിഷയം– ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് - ജീവനക്കാര്യം - ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ, ഗ്രേഡ്-2 സ്ഥലം മാറ്റ ഉത്തരവ്–ബഹു. കോടതി സ്റ്റേ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താല്ക്കാലികമായി മാറ്റം വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

### ഉത്തരവ് നം. ഇ1-1369/2022/ഫാ&ബോ. തീയതി: 16.02.2022

പരാമർശം:– 1. ഈ ഓഫീസിലെ 11.02.2022 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
2. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 14.02.2022 തീയതിയിലെ O.A No. 251/2022 നമ്പർ ഉത്തരവ്.

### ഉത്തരവ്

മേൽ പരാമർശം (1) പ്രകാരം കോട്ടയം ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ ഗ്രേഡ്-2 ആയ ശ്രീ. ജിജ്ജു.പി-യെ എറണാകുളം ഏൾ സേഫ്റ്റി കൺട്രോൾ സിസ്റ്റം (സേഫ്റ്റി സെല്ലിൽ) സെല്ലിലെ ഇൻസ്പെക്ടറായും എറണാകുളം സേഫ്റ്റി സെല്ലിലെ ഇൻസ്പെക്ടർ ആയ ശ്രീ. ലാൽ വർഗീസ്-നെ കോട്ടയം ഇൻസ്പെക്ടറായും പൊതുതാല്പര്യ പ്രകാരം സ്ഥലമാറ്റം നൽകി ഉത്തരവായിരുന്നു. എന്നാൽ ശ്രീ. ജിജ്ജു. പി, ഇൻസ്പെക്ടർ ഗ്രേഡ്-2 (HG) പ്രസ്തുത ഉത്തരവിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം-നെ സമീപിക്കുകയും പരാമർശം (2) പ്രകാരമുള്ള 14.02.2022-ലെ O.A No. 251/2022 എന്ന ഉത്തരവ് പ്രകാരം ശ്രീ. ജിജ്ജു. പി-യെ കോട്ടയത്തെ അതേ സ്റ്റേഷനിൽ തന്നെ 25.02.2022 വരെ നിലനിറുത്തണമെന്ന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ജിജ്ജു. പി-യെ കോട്ടയം ഇൻസ്പെക്ടറായും ശ്രീ. ലാൽ വർഗീസ്-നെ എറണാകുളം സേഫ്റ്റി സെൽ ഇൻസ്പെക്ടറായും തല്ക്കാലത്തേക്ക് തുടരുന്നതിന് ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
**ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടർ**

സ്വീകർത്താവ്:–

1. ശ്രീ. ജിജ്ജു. പി, ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്, ഗ്രേഡ്-2 (HG), കോട്ടയം.
2. ശ്രീ. ലാൽ വർഗീസ്, ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്, ഗ്രേഡ്-2, സേഫ്റ്റി സെൽ, എറണാകുളം.

പകർപ്പ്:– 1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. സീനിയർ ജോയിന്റ് ഡയറക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്, കൊല്ലം.
3. ജോയിന്റ് ഡയറക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്, എറണാകുളം
4. വെബ് സൈറ്റ്/സി.എ ടു ഡിഎഫ്&ബി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

ഗവ. അണ്ടർ സെക്രട്ടറി & അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

എസ്എ